# കേരള നിയമസഭ
## 15.07.2014-ലെ മറുപടിക്ക്

<u>സ്കൂൾ-കോളേജ് വിദ്യാർത്ഥികളിൽ ലഹരി വിരുദ്ധ ബോധവൽക്കരണം</u>

7644 ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി
,, റ്റി. എൻ. പ്രതാപൻ
,, കെ. ശിവദാസൻ നായർ
,, ഷാഫി പറമ്പിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
മത്സ്യബന്ധനവും തുറമുഖവും എക്സൈസും **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം എന്തെല്ലാം ലഹരി വിരുദ്ധ പ്രവർത്തനങ്ങളാണ് ഊർജ്ജസ്വലമാക്കിയിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ബി) ലഹരി വിരുദ്ധ പ്രവർത്തനങ്ങൾക്ക് ഇക്കാലത്ത് എത്ര കോടിരൂപ അനുവദിക്കുകയുണ്ടായിയെന്നും വിശദാംശങ്ങൾ എന്തെല്ലാമാണെന്നും വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്തെ സ്കൂൾ-കോളേജ് വിദ്യാർത്ഥികളിൽ ലഹരി വിരുദ്ധ അവബോധമുണ്ടാക്കാൻ ചെയ്ത കാര്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(ഡി) ഏതെല്ലാം സംഘടനകളെ പ്രയോജനപ്പെടുത്തി ലഹരി വിരുദ്ധ ബോധവൽക്കരണം നടത്തുകയുണ്ടായെന്നും വിശദാംശങ്ങൾ എന്തെല്ലാമാണെന്നും വ്യക്തമാക്കുമോ;

(ഇ) എന്തെല്ലാം നിയമനിർമ്മാണങ്ങളാണ് ഇതിനുവേണ്ടി നടത്തിയതെന്ന് വിശദമാക്കുമോ ?

# കേരള നിയമസഭ
## 15.07.2014-ലെ മറുപടിക്ക്

ബീവറേജസ് കോർപ്പറേഷന്റെ ലഹരിവിരുദ്ധ പ്രവർത്തനങ്ങൾ

7645 ശ്രീ. അൻവർ സാദത്ത്
,, ആർ. സെൽവരാജ്
,, കെ. മുരളീധരൻ
,, പി. സി. വിഷ്ണുനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും **വകുപ്പുമന്ത്രി** സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ബീവറേജസ് കോർപ്പറേഷൻ ലഹരി വിരുദ്ധ പ്രവർത്തനങ്ങൾക്കായി എന്തെല്ലാം കർമ്മ പദ്ധതികളാണ് ആസൂത്രണം ചെയ്തിരിക്കുന്നതെന്ന് വിശദമാക്കുമോ;

(ബി) ഇതിനുവേണ്ടി കോർപ്പറേഷൻ സാമൂഹ്യസുരക്ഷാ പദ്ധതികൾക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(സി) ലഹരി വിരുദ്ധ പ്രവർത്തനങ്ങൾക്കും ലഹരി ഉപഭോഗം മൂലം രോഗികളായവർക്കുമുള്ള ചികിത്സയ്ക്കും എന്തെല്ലാം കാര്യങ്ങളാണ് പദ്ധതികളിൽ വിഭാവന ചെയ്തിരിക്കുന്നതെന്ന് വിശദമാക്കുമോ;

(ഡി) പദ്ധതികൾ നടപ്പാക്കുന്നതിന് ഭരണതലത്തിൽ എന്തെല്ലാം സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെന്നും വിശദാംശങ്ങൾ എന്തെല്ലാമാണെന്നും വ്യക്തമാക്കുമോ ?

**കേരള നിയമസഭ**
**15.07.2014-ലെ മറുപടിക്ക്**

<u>ലഹിരിവിമുക്ത ചികിൽസാ കേന്ദ്രങ്ങൾക്കുള്ള ധനസഹായ വിതരണം</u>

7646 ശ്രീ. കെ. മുരളീധരൻ
,, തേറമ്പിൽ രാമകൃഷ്ണൻ
,, റ്റി. എൻ. പ്രതാപൻ
,, ഷാഫി പറമ്പിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ലഹരിവിമുക്ത ചികിൽസാ കേന്ദ്രങ്ങൾക്കുള്ള ധനസഹായവിതരണത്തിന് തുടക്കം കുറിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നതെന്നും വിശദാംശങ്ങൾ എന്തെല്ലാമാണെന്നും വ്യക്തമാക്കുമോ;

(സി) ഏതെല്ലാം തരത്തിലുള്ള സഹായങ്ങളാണ് പ്രസ്തുത കേന്ദ്രങ്ങൾക്ക് നൽകുന്നതെന്ന് വിശദമാക്കുമോ;

(ഡി) ധനസഹായങ്ങൾ നൽകുവാൻ ഭരണ തലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; വിശദാംശങ്ങൾ നൽകുമോ?

# കേരള നിയമസഭ
## 15.07.2014-ലെ മറുപടിക്ക്

<u>സമ്പൂർണ്ണ മദ്യ നിരോധനം</u>

7647 ശ്രീ. ഇ. ചന്ദ്രശേഖരൻ
,, കെ. അജിത്
ശ്രീമതി ഗീതാഗോപി
ശ്രീ. ജി.എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സമ്പൂർണ്ണ മദ്യ നിരോധനം നടപ്പാക്കാനുദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) എത്ര കാലത്തിനുള്ളിൽ സംസ്ഥാനത്ത് സമ്പൂർണ്ണ മദ്യ നിരോധനം കൊണ്ടുവരാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 15.07.2014-ലെ മറുപടിക്ക്

<u>എക്സൈസ് ഉദ്യോഗസ്ഥർക്ക് ആരോഗ്യ ഇൻഷ്വറൻസ് പരിരക്ഷ</u>

7648 ശ്രീ. പി.എ. മാധവൻ
,, ആർ. സെൽവരാജ്
,, ഹൈബി ഈഡൻ
,, ഷാഫി പറമ്പിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എക്സൈസ് ഉദ്യോഗസ്ഥർക്ക് ആരോഗ്യ ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ;

(ബി) എന്തെല്ലാം കാര്യങ്ങൾക്കാണ് ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തിയിട്ടുള്ളത്;

(സി) ഇതിനുള്ള തുക എങ്ങനെ സമാഹരിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ഡി) ഇതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

## കേരള നിയമസഭ
## 15.07.2014-ലെ മറുപടിക്ക്

<u>സംസ്ഥാനത്ത് മദ്യത്തിന്റെ ഉപയോഗം</u>

7649 ശ്രീ. എം. വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ മൂന്ന് വർഷങ്ങളിലായി സംസ്ഥാനത്ത് മദ്യത്തിന്റെ ഉപയോഗം വർദ്ധിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എത്ര ശതമാനം വർദ്ധനവാണ് ഓരോ വർഷവും ഉണ്ടായിരിക്കുന്നത് എന്നതിന്റെ ജില്ലാതല വിശദാംശം ലഭ്യമാക്കുമോ?

# കേരള നിയമസഭ
# 15.07.2014-ലെ മറുപടിക്ക്

<u>അനധികൃത സ്പിരിറ്റ് കടത്ത്</u>

7650 ശ്രീ. എം. ചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ബാർ ലൈസൻസ് നിഷേധിച്ചതിനെത്തുടർന്നുളള കാലയളവിലെ അനധികൃത സ്പിരിറ്റ് കടത്ത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) 2014 ഏപ്രിൽ മാസത്തിനു ശേഷം അനധികൃതമായി കടത്തിയ എത്ര ലിറ്റർ സ്പിരിറ്റാണ് പിടിച്ചെടുത്തിട്ടുളളതെന്ന് വ്യക്തമാക്കാമോ;

(സി) കളളചാരായ വില്പന തടയുന്നതിന് എന്തെല്ലാം നടപടികളാണ് എക്സൈസ് വകുപ്പ് സ്വീകരിച്ചിട്ടുളളത്;

(ഡി) കളളചാരായ വിൽപന നടത്തുന്ന എത്ര പേരെയാണ് 2013-14 വർഷത്തിൽ പിടിച്ചിട്ടുളളത്;

(ഇ) ഇതുമായി ബന്ധപ്പെട്ട് എത്ര കേസ്സുകളാണ് കോടതികളിൽ നിലവിലുളളത്?

# കേരള നിയമസഭ
## 15.07.2014-ലെ മറുപടിക്ക്

‘ഇട്ടിവ മദ്യവിമുക്ത ഗ്രാമം പദ്ധതി’

7651 ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യത്തിന്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

‘ഇട്ടിവ മദ്യവിമുക്ത ഗ്രാമം പദ്ധതി’ എന്ന പേരിൽ സമർപ്പിച്ചിട്ടുള്ള പ്രോജക്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ പദ്ധതിയ്ക്ക് അംഗീകാരം നൽകുന്ന കാര്യം പരിഗണിക്കുമോ?

**കേരള നിയമസഭ**
**15.07.2014-ലെ മറുപടിക്ക്**

<u>വൈക്കം മണ്ഡലത്തിൽ പൂട്ടിയ ബാറുകൾ</u>

7652 ശ്രീ. കെ. അജിത്

താഴെ കാണുന്ന ചോദ്യത്തിന്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് ബാറുകൾ പൂട്ടിയശേഷം വൈക്കം മണ്ഡലത്തിൽ എത്ര ബാറുകളാണ് പൂട്ടിയിട്ടുള്ളതെന്നും വൈക്കം മണ്ഡലത്തിലെ ബിവറേജസ് ഔട്ട് ലെറ്റുകളിൽ വിൽപ്പനയിലുണ്ടായ വർദ്ധനവ് എത്രയെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 15.07.2014-ലെ മറുപടിക്ക്

കൈരളി കപ്പല്‍ കണാതായതിനെക്കുറിച്ചുള്ള അന്വേഷണം

7653 ശ്രീ. കെ.എന്‍.എ. ഖാദര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) സര്‍ക്കാരിന്റെ ഉടമസ്ഥതയിലായിരുന്നതും 1979 ജൂലൈ മുതല്‍ കാണാതായതുമായ കൈരളി എന്ന കപ്പല്‍ സംബന്ധിച്ച് എന്തു വിവരങ്ങളാണ് ഇപ്പോഴുള്ളതെന്ന് വെളിപ്പെടുത്തുമോ;

(ബി) മര്‍മ്മഗോവ തുറമുഖത്തുനിന്ന് യൂറോപ്പിലെ റോസ്സ്റ്റോക്ക് തുറമുഖത്തേയ്ക്ക് ഇരുമ്പയിരുമായി 49 ജീവനക്കാരുമായിപോയ ഈ കപ്പലിനെക്കുറിച്ചോ ജീവനക്കാരെക്കുറിച്ചോ ഇന്നുവരെ ഒരു വിവരവും കിട്ടിയിട്ടില്ലെന്ന് പറയുന്നത് ശരിയാണോയെന്ന് വ്യക്തമാക്കുമോ;

(സി) ഈ വിഷയത്തില്‍ ഇതുവരെ നടന്ന അന്വേഷണവും അതിന്റെ ഫലവും സംബന്ധിച്ച് വിശദമാക്കുമോ?

# കേരള നിയമസഭ
# 15.07.2014-ലെ മറുപടിക്ക്

<u>മണ്‍സൂണ്‍കാല ട്രോളിംഗ് നിരോധനം</u>

7654 ശ്രീ. എസ്. ശര്‍മ്മ
,, കെ. സുരേഷ് കുറുപ്പ്
,, ബാബു എം. പാലിശ്ശേരി
,, എ. എം. ആരിഫ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) മണ്‍സൂണ്‍കാല ട്രോളിംഗ് നിരോധനത്തിന്റെ കാലാവധി നീട്ടുന്നത് സംബന്ധിച്ച് സര്‍ക്കാര്‍ തീരുമാനം കൈകൊണ്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) കടലില്‍ നിന്നുള്ള മത്സ്യലഭ്യത ഗണ്യമായി കുറഞ്ഞ സാഹചര്യത്തില്‍ ഇക്കാര്യത്തില്‍ ഉടന്‍ തീരുമാനം എടുക്കുമോ;

(സി) യന്ത്രവല്‍കൃത ബോട്ടുകള്‍ക്ക് മത്സ്യബന്ധന നിരോധനം ഏര്‍പ്പെടുത്തിയത് ഏത് കാലം മുതലായിരുന്നുവെന്ന് വ്യക്തമാക്കുമോ; ഇതിനുശേഷമുള്ള കാലയളവില്‍ മത്സ്യലഭ്യതയില്‍ വര്‍ദ്ധനയുണ്ടായിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 15.07.2014-ലെ മറുപടിക്ക്

തുറമുഖ വികസനത്തിന് പൊതുജന നിക്ഷേപം

7655 ശ്രീ. എം. ഉമ്മർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തുറമുഖ വികസനത്തിന് പൊതുജനങ്ങളിൽ നിന്നും നിക്ഷേപം സ്വീകരിക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇത്തരം നിക്ഷേപം ഏത് രീതിയിൽ സമാഹരിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ;

(സി) ഇത്തരം നിക്ഷേപത്തിന് പൊതുജനങ്ങളെ ആകർഷിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
## 15.07.2014-ലെ മറുപടിക്ക്

ബേപ്പൂർ തുറമുഖത്തിൽ നിന്നും മണലെടുക്കാൻ അനുമതി

7656 ശ്രീ. എളമരം കരീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ബേപ്പൂർ തുറമുഖത്തിൽ നിന്നും മണലെടുക്കാൻ ആർക്കെങ്കിലും അനുമതി നല്കിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അവരുടെ പേരുകൾ വ്യക്തമാക്കുമോ;

(സി) മണലെടുപ്പ് സംബന്ധിച്ച് എന്തെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോ?

**കേരള നിയമസഭ**
**15.07.2014-ലെ മറുപടിക്ക്**

തുറമുഖ വകുപ്പ് എൻജിനീയർമാരുടെ ഓഫീസ് ആക്രമിക്കപ്പെട്ട സംഭവം

7657 ശ്രീ. ജെയിംസ് മാത്യു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിൽ തുറമുഖവകുപ്പിൻകീഴിലെ എൻജിനിയർമാരുടെ ഓഫീസ് മത്സ്യത്തൊഴിലാളികൾ ആക്രമിച്ചുവെന്ന് പറയപ്പെടുന്ന സംഭവത്തിൽ ആരെയെങ്കിലും അറസ്റ്റ് ചെയ്യുകയോ കസ്റ്റഡിയിലെടുക്കുകയോ ചെയ്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ആക്രമണം നടത്താൻ ആളുകളെ പ്രകോപിതരാക്കുംവിധം എന്ത് പ്രവൃത്തിയാണ് അവിടെ നടന്നിട്ടുള്ളത്; അതിന് പരിഹാരം കാണാൻ ശ്രമം നടത്തുമോ;

(സി) ജനങ്ങൾക്കിടയിൽ പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥർക്ക് കൂടുതൽ ശ്രദ്ധയോടെ ഇടപഴകാൻ നിർദ്ദേശങ്ങൾ നല്കിയിട്ടുണ്ടോ;

(ഡി) സംഭവത്തിന്റെ പേരിൽ നിരപരാധികൾ പ്രത്യേകിച്ചും സ്ത്രീകളും, കുട്ടികളും അധികാരികളുടെ ഭീഷണിക്ക് വിധേയരായതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

# കേരള നിയമസഭ
# 15.07.2014-ലെ മറുപടിക്ക്

<u>പുതുവൈപ്പിനിലെ ഓഷ്യനേറിയം പദ്ധതി</u>

7658 ശ്രീ. എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പുതുവൈപ്പിനിലെ ഓഷ്യനേറിയം പദ്ധതിക്കായുള്ള എൻവിയോൺമെന്റൽ ക്ലിയറൻസ്, റെഗുലേഷൻ സോൺ ക്ലിയറൻസ്, മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നുള്ള കൺസെന്റ് എന്നിവ ലഭിക്കുന്നതിന് സംസ്ഥാന സർക്കാർ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) ഇവ ലഭിക്കുന്നതിന് സംസ്ഥാന സർക്കാർ ബന്ധപ്പെട്ട ഏജൻസികൾക്ക് അപേക്ഷകൾ സമർപ്പിച്ചത് ഏതൊക്കെ തീയതികളിലാണെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 15.07.2014-ലെ മറുപടിക്ക്

ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് പ്രവൃത്തികൾ

7659 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് വഴി തിരുവനന്തപുരം ജില്ലയിൽ 2011-12, 2012-13, 2013-14, 2014-15 വർഷങ്ങളിൽ ഭരണാനുമതി നൽകിയ വർക്കുകളുടെ പേര് വിവരം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത വർക്കുകളുടെ പുരോഗതി വർഷം തിരിച്ച് ലഭ്യമാക്കുമോ;

(സി) ഭരണാനുമതി ലഭിച്ചശേഷം ആരംഭിക്കാത്ത വർക്കുകൾ ഭാഗികമായി പൂർത്തീകരിച്ച വർക്കുകൾ എന്നിവയുടെ വിശദവിവരം ലഭ്യമാക്കുമോ?

**കേരള നിയമസഭ**
**15.07.2014-ലെ മറുപടിക്ക്**

ഇ-ഗ്രാന്റ്സ് പദ്ധതി

7660 പ്രൊഫ. സി. രവീന്ദ്രനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഫിഷറീസ് വകുപ്പിൽ ഇ-ഗ്രാന്റ്സ് പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) ഉണ്ടെങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 15.07.2014-ലെ മറുപടിക്ക്

<u>മത്സ്യം വളർത്തുന്നതിനുള്ള പദ്ധതികൾ</u>

7661 ശ്രീ. സി.എഫ്. തോമസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഫിഷറീസ് വകുപ്പിൽ കഴിഞ്ഞ സാമ്പത്തിക വർഷം മത്സ്യം വളർത്തുന്നതിനുള്ള എത്ര പദ്ധതികൾ അനുവദിച്ചു എന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ;

(സി) പ്രസ്തുത പദ്ധതികളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ?

**കേരള നിയമസഭ**
**15.07.2014-ലെ മറുപടിക്ക്**

<u>മത്സ്യതൊഴിലാളി കടാശ്വാസ പദ്ധതി</u>

7662 ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് മത്സ്യതൊഴിലാളി കടാശ്വാസ കമ്മീഷൻ എത്ര സിറ്റിങ്ങ് നടത്തി;

(ബി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കടാശ്വാസ ഇനത്തിൽ എത്ര കോടി രൂപ നൽകിയിരുന്നു. ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ അറിയിക്കുമോ?

# കേരള നിയമസഭ
## 15.07.2014-ലെ മറുപടിക്ക്

<u>മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ ശുപാർശ പ്രകാരം സഹകരണ വകുപ്പിന് നൽകിയ തുക</u>

7663 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സഹകരണ സംഘങ്ങൾ വഴി എടുത്ത കടം എഴുതിത്തള്ളാൻ മത്സ്യതൊഴിലാളി കടാശ്വാസകമ്മീഷൻ ശുപാർശചെയ്ത വകയിൽ സഹകരണവകുപ്പിന് ഏതെല്ലാം തീയതികളിൽ എത്ര തുക നൽകിയെന്ന് വെളിപ്പെടുത്തുമോ;

(ബി) സഹകരണ വകുപ്പിന് നൽകിയ തുകയുടെ അടിസ്ഥാനത്തിൽ എത്ര തൊളിലാളികളുടെ കടം തീർപ്പാക്കി ആധാരങ്ങൾ മടക്കി നൽകിയെന്ന് പറയാമോ; ഇനിയും കടം തീർപ്പാക്കി ആധാരങ്ങൾ മടക്കി നൽകാനുള്ള എത്ര കേസ്സുകൾ ശേഷിക്കുന്നുവെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 15.07.2014-ലെ മറുപടിക്ക്

<u>മത്സ്യത്തൊഴിലാളികളുടെ വള്ളങ്ങൾക്കും ഉപകരണങ്ങൾക്കും ഇൻഷ്വറൻസ്</u>

7664 ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളികളുടെ മത്സ്യബന്ധന വള്ളങ്ങളും മത്സ്യബന്ധന ഉപകരണങ്ങളും ഇൻഷ്വർ ചെയ്യുന്നതിന് മത്സ്യത്തൊഴിലാളികൾ കൂടുതൽ തല്പര്യം കാണിക്കാത്തത് എന്തുകൊണ്ടാണെന്ന് പരിശോധിച്ചിട്ടുണ്ടോ; ഇൻഷ്വറൻസ് കമ്പനികൾ വൻതുക പ്രീമിയമായി ആവശ്യപ്പെടുന്നത് ഒഴിവാക്കി കുറഞ്ഞ പ്രീമിയത്തിൽ മത്സ്യത്തൊഴിലാളികളുടെ വള്ളങ്ങളും മത്സ്യബന്ധന ഉപകരണങ്ങളും ഇൻഷ്വർ ചെയ്യാൻ നടപടി സ്വീകരിക്കുമോ;

(ബി) ഇൻഷ്വർ ചെയ്യപ്പെടുന്ന വള്ളങ്ങളിലും മത്സ്യബന്ധന ഉപകരണങ്ങളിലും കേടാകാത്തതും കൃത്രിമം കാണിക്കാനാവാത്തതുമായ ഇലക്ട്രോണിക് ചിപ്പുകൾ സ്ഥാപിച്ച് ഇൻഷ്വറൻസ് നടപടികൾ സുതാര്യമാക്കുവാനും കുറഞ്ഞ നിരക്കിൽ ഇൻഷ്വറൻസ് ഏർപ്പെടുത്തുവാനും സർക്കാർ മുൻകൈ എടുക്കുമോ?

# കേരള നിയമസഭ
## 15.07.2014-ലെ മറുപടിക്ക്

<u>തണൽ പദ്ധതി</u>

7665 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളികൾക്കായി ആവിഷ്കരിച്ചിട്ടുള്ള തണൽ പദ്ധതിയുടെ വിശദാംശങ്ങൾ വ്യക്തമാക്കാമോ; പ്രസ്തുത പദ്ധതിയിലേക്ക് മത്സ്യത്തൊഴിലാളികളെ തെരഞ്ഞെടുക്കുന്നതിന്റെ മാനദണ്ഡമെന്തെല്ലാം;

(ബി) പ്രസ്തുത പദ്ധതിയിൽ കൊയിലാണ്ടി മണ്ഡലത്തിൽ നിന്ന് എത്ര അപേക്ഷകൾ ലഭിച്ചു; എത്ര അപേക്ഷ തീർപ്പാക്കി; ഇനിയും തീർപ്പാക്കാത്ത അപേക്ഷകൾ എത്ര;

(സി) തീർപ്പാക്കപ്പെടാത്ത അപേക്ഷകളുടെ വിവരം മത്സ്യ ഗ്രാമം തിരിച്ച് വിശദമാക്കാമോ?

# കേരള നിയമസഭ
# 15.07.2014-ലെ മറുപടിക്ക്

<u>കൊടകര ബ്ലോക്ക് പഞ്ചായത്തിലെ തണൽ പദ്ധതി</u>

7666 പ്രൊഫ. സി. രവീന്ദ്രനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊടകര ബ്ലോക്ക് പഞ്ചായത്തിൽ 60 വയസ്സ് കഴിഞ്ഞ മുഴുവൻ പേരെയും ഉൾപ്പെടുത്തിക്കൊണ്ട് ''തണൽ'' എന്ന പദ്ധതി നടപ്പിലാക്കി വന്നിരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ശ്രദ്ധേയമായ ഈ പദ്ധതി നടപ്പിലാക്കുവാൻ നിർവ്വഹണ ഉദ്യോഗസ്ഥൻ(സി. ഡി. പി.ഒ) സമ്മതിക്കുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഏറെ പ്രധാനപ്പെട്ട പദ്ധതിയായ 'തണൽ' നടപ്പിലാക്കുവാൻ നിർദേശം നൽകുമോ?

# കേരള നിയമസഭ
## 15.07.2014-ലെ മറുപടിക്ക്

<u>തണൽപദ്ധതി വഴിയുള്ള ക്ഷേമപ്രവർത്തനങ്ങൾ</u>

7667 ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തണൽ പദ്ധതി വഴി എന്തെല്ലാം ക്ഷേമപ്രവർത്തനങ്ങളാണ് നടന്നുവരുന്നതെന്ന് വിശദമാക്കുമോ;

(ബി) പദ്ധതി മുഖേന നാട്ടിക നിയോജകമണ്ഡലത്തിലെ വലപ്പാട്, നാട്ടിക, തളിക്കുളം പഞ്ചായത്തുകളിലെ തീരദേശമേഖലയിൽ എന്തെല്ലാം പ്രവർത്തനങ്ങളാണ് ഈ സർക്കാർ അധികാരമേറ്റ ശേഷം നടപ്പിലാക്കിയതെന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
## 15.07.2014-ലെ മറുപടിക്ക്

''മത്സ്യസമൃദ്ധി'' പദ്ധതി

7668 ശ്രീ. പി.സി. ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) "മത്സ്യസമൃദ്ധി" പദ്ധതിക്കു വേണ്ടി 2012-13, 2013 14,2014-15 എന്നീ വർഷങ്ങളിലെ ബഡ്ജറ്റിൽ എത്ര തുക വകയിരുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) പദ്ധതിയുടെ ഭാഗമായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) പദ്ധതിയുടെ നടത്തിപ്പിനായി നാളിതുവരെ എത്ര തുക ചെലവഴിച്ചുവെന്ന് വ്യക്തമാക്കുമോ;

(ഡി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എത്രത്തോളം കൈവരിക്കാൻ സാധിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
# 15.07.2014-ലെ മറുപടിക്ക്

കപ്പല്‍ സര്‍വ്വീസ്

7669 ശ്രീ. കെ. എം. ഷാജി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കേരളത്തില്‍ ജലഗതാഗതം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി കപ്പല്‍ സര്‍വ്വീസ് ആരംഭിക്കുമെന്ന പ്രഖ്യാപനം എന്ന് നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്;

(ബി) സര്‍ക്കാരിന്റെ 'മിഷന്‍ 676' പദ്ധതിയില്‍ കപ്പല്‍ സര്‍വ്വീസ് ആരംഭിക്കുന്നത് ഉള്‍പ്പെടുത്തിയിട്ടുണ്ടോ; ഇല്ലെങ്കില്‍ ഇതുകൂടി പദ്ധതിയില്‍ ഉള്‍പ്പെടുത്തി കപ്പല്‍ സര്‍വ്വീസ് ആരംഭിക്കുമോ;

(സി) കപ്പല്‍ സര്‍വ്വീസ് ആരംഭിക്കുന്നതിന് സാങ്കേതികമായതോ, നിയമപരമായതോ ആയ തടസ്സങ്ങള്‍ എന്തെങ്കിലും ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ; എങ്കില്‍ ആയത് വ്യക്തമാക്കുമോ; തടസ്സങ്ങള്‍ പരിഹരിച്ച് എത്രയും വേഗം കപ്പല്‍ സര്‍വ്വീസ് ആരംഭിക്കുമോ?

# കേരള നിയമസഭ
## 15.07.2014-ലെ മറുപടിക്ക്

<u>മൽസ്യത്തൊഴിലാളികൾക്ക് ഫ്ളാറ്റുകൾ നിർമ്മിച്ച് നൽകുന്നതിന് പദ്ധതി</u>

7670 ശ്രീ. കെ. മുരളീധരൻ
,, വി. ഡി. സതീശൻ
,, തേറമ്പിൽ രാമകൃഷ്ണൻ
,, വർക്കല കഹാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മൽസ്യത്തൊഴിലാളികൾക്ക് ഫ്ളാറ്റുകൾ നിർമ്മിച്ച് നൽകുന്ന പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നതെന്നും വിശദാംശങ്ങൾ എന്തെല്ലാമാണെന്നും വ്യക്തമാക്കാമോ;

(സി) പദ്ധതിക്ക് അർഹരായവരെ കണ്ടെത്തുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ടെന്നും വിശദാംശങ്ങൾ എന്തെല്ലാമാണന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 15.07.2014-ലെ മറുപടിക്ക്

മത്സ്യത്തൊഴിലാളികൾക്കായി വീടുകൾ നിർമ്മിച്ച്
നൽകുന്നതിന് പദ്ധതി

7671 ശ്രീ. എം. എ. വാഹീദ്
,, വി.പി. സജീന്ദ്രൻ
,, അൻവർ സാദത്ത്
,, പാലോട് രവി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളികൾക്കായി വീടുകൾ നിർമ്മിച്ച് നൽകുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ;

(സി) പദ്ധതിക്ക് അർഹരായവരെ കണ്ടെത്തുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണ്;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്; വിശദാംശങ്ങൾ വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 15.07.2014-ലെ മറുപടിക്ക്

<u>മത്സ്യത്തൊഴിലാളികൾക്ക് വീട്</u>

7672

ശ്രീ. കെ. ശിവദാസൻ നായർ
,, സണ്ണി ജോസഫ്
,, പി. സി. വിഷ്ണുനാഥ്
,, ലൂഡി ലൂയിസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളികൾക്ക് വീട് നിർമ്മിക്കുന്നതിന് ധനസഹായം നൽകുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ;

(സി) പദ്ധതിക്ക് അർഹരായവരെ കണ്ടെത്തുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണ്;

(ഡി) ഇതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ?

**കേരള നിയമസഭ**
**15.07.2014-ലെ മറുപടിക്ക്**

<u>കാഞ്ഞങ്ങാട് മണ്ഡലത്തിലെ മത്സ്യഗ്രാമം</u>
<u>ഭവനനിർമ്മാണ പദ്ധതി</u>

7673 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മത്സ്യഗ്രാമം ഭവനനിർമ്മാണ പദ്ധതി പ്രകാരം കാഞ്ഞങ്ങാട് മണ്ഡലത്തിൽ ആകെ എത്ര രൂപയാണ് അനുവദിച്ചതെന്ന് പറയാമോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം എത്ര വീടുകൾ ആണ് അനുവദിച്ചതെന്നും അതിൽ എത്ര വീടുകളുടെ പണി പൂർത്തീകരിക്കാൻ കഴിയുമെന്നും വിശദമാക്കാമോ;

(സി) പ്രസ്തുത പദ്ധതിയുടെ രണ്ടാംഘട്ടമായി എത്ര അടിസ്ഥാന പദ്ധതികളാണ് ആവിഷ്ക്കരിച്ചിട്ടുള്ളതെന്ന് പദ്ധതി തുക തിരിച്ച് വിശദീകരിക്കാമോ?

# കേരള നിയമസഭ
## 15.07.2014-ലെ മറുപടിക്ക്

<u>മാറാട് മത്സ്യഗ്രാമം</u>

7674 ശ്രീ. എളമരം കരീം

താഴെ കാണുന്ന ചോദ്യത്തിന്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

മാറാട് മത്സ്യഗ്രാമം പദ്ധതി പ്രകാരം ഏറ്റെടുക്കാൻ തീരുമാനിച്ച വികസന പ്രവൃത്തികൾ ഏതെല്ലാമാണെന്നും ഓരോന്നിനും നിർദ്ദേശിച്ച തുക എത്രയാണെന്നും വിശദീകരിക്കാമോ ?

**കേരള നിയമസഭ**
**15.07.2014-ലെ മറുപടിക്ക്**

<u>മത്സ്യത്തൊഴിലാളികൾക്കായി ഇൻഷ്വറൻസ് പരിരക്ഷ</u>

7675 ശ്രീ. എ. റ്റി. ജോർജ്
,, റ്റി. എൻ. പ്രതാപൻ
,, ഷാഫി പറമ്പിൽ
,, ജോസഫ് വാഴക്കൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്വാഭാവിക മരണം സംഭവിക്കുന്ന മത്സ്യത്തൊഴിലാളികളുടെ കുടുംബങ്ങൾക്ക് ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പദ്ധതിവഴി കൈവരിക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ;

(സി) പദ്ധതിക്ക് അർഹരായവരെ കണ്ടെത്തുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണ്;

(ഡി) ഇതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ?

## കേരള നിയമസഭ
## 15.07.2014-ലെ മറുപടിക്ക്

<u>ലംപ്സം ഗ്രാന്റ്</u>

7676 പ്രൊഫ. സി. രവീന്ദ്രനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സാമ്പത്തിക വർഷം ഫിഷറീസ് വകുപ്പിൽ എത്ര തുകയാണ് ലംപ്സം ഗ്രാന്റായി അനുവദിച്ചിട്ടുള്ളതെന്ന് ജില്ലതിരിച്ച് വ്യക്തമാക്കുമോ ;

(ബി) ഈ ഇനത്തിൽ ഓരോ ജില്ലയും ചെലവഴിച്ച തുക എത്രയാണെന്ന് വിശദമാക്കുമോ ?

## കേരള നിയമസഭ
## 15.07.2014-ലെ മറുപടിക്ക്

<u>മത്സ്യത്തൊഴിലാളികളുടെ കുട്ടികൾക്ക് സ്കോളർഷിപ്പ്</u>

7677 ശ്രീ. പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളികളുടെ കുട്ടികൾക്ക് നൽകിവന്നിരുന്ന സ്കോളർഷിപ്പ് (ഗ്രാന്റ്) ഇപ്പോൾ ലഭിക്കാത്തതു മൂലം ഇവരുടെ വിദ്യാഭ്യാസം തന്നെ അവതാളത്തിലാകുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എത്ര മാസത്തെ കുടിശ്ശികയാണ് ഇവർക്ക് നൽകാനുള്ളത്; ആകെ എന്തു തുക നൽകാനുണ്ട്;

(സി) ഇവരുടെ സ്റ്റൈപന്റ് കുടിശ്ശിക സഹിതം അനുവദിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 15.07.2014-ലെ മറുപടിക്ക്

<u>പുതിയ വിമാനത്താവളങ്ങൾ</u>

7678 ശ്രീ. പി. കെ. ബഷീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പുതിയ വിമാനത്താവളങ്ങൾ നിർമ്മിക്കുന്ന കാര്യത്തിൽ സർക്കാരിന്റെ നയം വെളിപ്പെടുത്തുമോ ;

(ബി) ആറന്മുള വിമാനത്താവള പദ്ധതി നിർദ്ദേശം പരിഗണിക്കുന്ന സമയത്ത് സർക്കാർ വേണ്ടത്ര പഠനങ്ങൾ നടത്തിയിരുന്നോയെന്ന് വെളിപ്പെടുത്തുമോ ?

# കേരള നിയമസഭ
# 15.07.2014-ലെ മറുപടിക്ക്

<u>തൊഴിൽ നഷ്ടപ്പെട്ട കരിപ്പൂർ വിമാനത്താവളത്തിലെ പ്രദേശവാസികൾ</u>

7679 ശ്രീ. പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കരിപ്പൂർ വിമാനത്താവളത്തിൽ കരാർജോലികളിൽ ഏർപ്പെട്ടിരുന്ന പ്രദേശവാസികൾക്ക്, പുതിയ കമ്പനി കരാർ ഏറ്റെടുത്തതുമൂലം തൊഴിൽ നഷ്ടമായ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വർഷങ്ങളായി അവിടെ തൊഴിൽ ചെയ്യുന്ന പ്രദേശവാസികൾക്ക് അവിടെതന്നെ തൊഴിൽ ലഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) തൊഴിൽ നഷ്ടമായവർക്ക് അവ പുന:സ്ഥാപിച്ചു കിട്ടുന്നതിന് അടിയന്തിര നടപടി സ്വീകിരിക്കുമോ; വിശദമാക്കാമോ?